01.01.2026

# 2026-ൽ ദൈവം നമ്മുടെ പ്രത്യാശയായിരിക്കട്ടെ

സ്നേഹം നിറഞ്ഞവരെ,

ദൈവകൃപയുടെ ഒരു വർഷം കൂടി കടന്നു പോവുകയാണ്. നമ്മളെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ അനുഗ്രഹം ലഭിച്ച ഒരു വർഷം കൂടി ആണ് 2025.

സ്വതന്ത്രമായ ഒരു ഇടവക ആയി നമ്മൾ ഉയർത്തപ്പെട്ട വർഷം. നമ്മുടെ സ്വന്തം പാരമ്പര്യത്തിൽ വിശുദ്ധ കുർബാന അർപ്പിക്കാൻ, നമ്മുക്ക് ഒരുമിച്ച് കൂടാൻ ദൈവം ഒരു ഭവനവും സൗകര്യവും ഒരുക്കിത്തന്ന വർഷം. നമ്മളെ എല്ലാവരെയും ദൈവ നാമത്തിൽ ഒരുമിച്ച് കൂട്ടിയ വർഷം. നമുക്ക് ദൈവത്തോട് നന്ദി ഉള്ളവരായിരിക്കാം. എല്ലാവരെയും ദൈവം ഈ ഇടവകയുടെ കീഴിൽ ചേർത്ത് നിർത്തട്ടെ. നമ്മുടെ ഇടവകയുടെ മദ്ധ്യസ്ഥയായ പരിശുദ്ധ അമ്മ നമ്മളെ ക്രിസ്തുവിലേക്ക് നയിക്കട്ടെ.

പുതിയ വർഷം നമുക്കെല്ലാവർക്കും നന്മയുടെ, സന്തോഷത്തിന്റെ, സ്നേഹത്തിന്റെ, കൂട്ടായ്മയുടെ, ഒത്തുചേരലിന്റെ, വളർച്ചയുടെ, വർഷം ആകട്ടെ എന്ന് പ്രാർത്ഥിക്കുന്നു ആശംസിക്കുന്നു.

**ഒരു പ്രധാനപ്പെട്ട കാര്യം കൂടി നിങ്ങളെ അറിയിക്കുകയാണ്** ഇനി മുതൽ ഇത് (St.Marys Catholic Community ,Graz) നമ്മുടെ ഇടവകയുടെ **ഔദ്യോഗിക വാട്സാപ്പ് ഗ്രൂപ്പ് ആയിരിക്കും.** ഇടവകയുടെ എല്ലാ സുപ്രധാന അറിയിപ്പുകളും പാരിഷ് കമ്മിറ്റി തീരുമാനങ്ങളും ഇതിലൂടെ അറിയിക്കുന്നതായിരിക്കും.

എല്ലാവർക്കും ഒരിക്കൽ കൂടി പുതിയ വർഷത്തിന്റെ നന്മകൾ നേരുന്നു...
സ്നേഹത്തോടെ

**ഫാ.ജോയൽ കോയിക്കര** OFM Conv.
(വികാരി)